സമർപ്പിച്ച ശിപാർശകൾ കൂടി കണക്കിലെടുത്താണ്. ചരക്ക് സേവന നികുതി (GST) നടപ്പിലാക്കുന്ന പ്രഖ്യാപനവും കേരളത്തിൽ IIT സ്ഥാപിക്കുമെന്ന വാഗ്ദാനവും സംസ്ഥാന ശിപാർശകൾ അംഗീകരിക്കപ്പെട്ടതിന്റെ സൂചകങ്ങളാണ്.

എറണാകുളത്ത് ഡെബ്റ്റ് റിക്കവറി ട്രിബ്യൂണൽ സ്ഥാപിക്കൽ, 'സ്കിൽ ഇന്ത്യാ പദ്ധതി' ശുചിത്വ പദ്ധതി, മാതൃ-ശിശു സംരക്ഷണം, വനിതാ വികസനം, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, ഭിന്നശേഷിയുള്ളവർ, മുതിർന്ന പൗരന്മാർ തുടങ്ങിയവരുടെ ക്ഷേമം ലക്ഷ്യമാക്കി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിപുലീകരണം, കൃഷി, വിദ്യാഭ്യാസം, ഭക്ഷ്യ സുരക്ഷ തുടങ്ങിയ മേഖലകളിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ തുടങ്ങിയവയൊക്കെ സംസ്ഥാനം സമർപ്പിച്ച ശിപാർശകളുടെ അടിസ്ഥാനത്തിൽ പ്രഖ്യാപിക്കപ്പെട്ടവയല്ല എങ്കിൽപ്പോലും മേൽപദ്ധതികൾ നടപ്പിലാക്കുന്നത് പൊതുവിൽ സംസ്ഥാനത്തിനും പ്രയോജനപ്രദമാണെന്ന് വിലയിരുത്തപ്പെടുന്നു.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

ഫ്ളക്സ് ബോർഡുകളുടെ നിയന്ത്രണം

78 (79) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫ്ളക്സ് ബോർഡുകൾ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഈ രംഗത്തെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ താൽപര്യം കൂടി പരിഗണിച്ച് ഫ്ളക്സ് ബോർഡുകൾ ഘട്ടംഘട്ടമായി നിരോധിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഫ്ളക്സ് ബോർഡുകൾ ഉണ്ടാക്കുന്ന പാരിസ്ഥിതിക പൊതുജനാരോഗ്യ പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി) വർഷങ്ങളായി ഉപയോഗത്തിലിരിക്കുന്ന ഫ്ളക്സ് ബോർഡുകൾക്ക്, അതിലേർപ്പെട്ടിരിക്കുന്ന സംരംഭകരുടെയും തൊഴിലാളികളുടെയും താൽപര്യംകൂടി

LIBRARY ARCHIVES Kerala Legislative Assembly

കണക്കിലെടുത്ത് ഉടനടി പൂർണ്ണനിരോധനം ഏർപ്പെടുത്താതെ ഘട്ടംഘട്ടമായി നിയന്ത്രണം ഏർപ്പെടുത്തി സ.ഉ.(കൈ) നമ്പർ 195/14/ത.സ്വ.ഭ.വ. തീയതി 6-11-2014 പ്രകാരം ഉത്തരവായിട്ടുണ്ട്.

(സി) ഫ്ളക്സ് ബോർഡുകൾ ഉണ്ടാക്കുന്ന പാരിസ്ഥിതിക പൊതുജനാരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടില്ല.

കണ്ണൂരിലെ ആർ.എസ്.എസ്. പ്രവർത്തകന്റെ കൊല

79 (80) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിലെ ആർ.എസ്.എസ്. പ്രവർത്തകൻ കൊല ചെയ്യപ്പെട്ടത് സംബന്ധിച്ച് കേന്ദ്രമന്ത്രി സംസ്ഥാന മുഖ്യമന്ത്രിയുമായി ഫോണിൽ സംസാരിച്ചിട്ടുണ്ടോ ;

(ബി) കേന്ദ്രമന്ത്രി കൊലപാതക കേസ് സംബന്ധമായി ഉന്നയിച്ച ആവശ്യം എന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ ;

(സി) കേന്ദ്രമന്ത്രി എന്തെങ്കിലും നിർദ്ദേശം നൽകുകയുണ്ടായിട്ടുണ്ടോ ;

(ഡി) കേന്ദ്രമന്ത്രിയുടെ നിർദ്ദേശത്തെ തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയൊണെന്ന് വിശദമാക്കാമോ ;

(ഇ) സംസ്ഥാനത്ത് നടന്ന മറ്റേതെങ്കിലും കൊലപാതകം സംബന്ധിച്ച് കേന്ദ്രമന്ത്രി ആരായുകയുണ്ടായോയെന്ന് വിശദമാക്കാമോ ;

(എഫ്) പ്രസ്തുത സംഭവം സംബന്ധിച്ച ക്രൈംബ്രാഞ്ച് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; അന്വേഷണം സി.ബി.ഐ.-ക്ക് വിട്ട സാഹചര്യം എന്തായിരുന്നു; ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് മൊത്തം എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്; അതിൽ അന്വേഷണം സി.ബി.ഐ.-ക്ക് വിട്ടത് ഏതൊക്കെ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരങ്ങൾ ആരായുകയാണുണ്ടായത്.

(സി) ഇല്ല.

(ഡി) ഒന്നുമില്ല.

(ഇ) ഇല്ല.

(എഫ്) പ്രസ്തുത കേസ് അന്വേഷണത്തിനായി സി.ബി.ഐ.ക്ക് കൈമാറിയിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേസ്

LIBRARY ARCHIVES Kerala Legislative Assembly